**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം- വിജിലൻസ് പരിശോധന- കാഞ്ഞങ്ങാട് നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. ഡി.വി.സനൽകുമാറിന് എതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ. (സാധാ) നം. 2521/ 2018/ തസ്വഭവ. തീയതി, തിരുവനന്തപുരം, 28/ 09/ 2018.

---

പരാമർശം :- 1. വിജിലൻസ് & ആൻറി-കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 12.11.2016 ലെ 11097/ ഡി/ 2016 നമ്പർ കത്ത്.

2. കാഞ്ഞങ്ങാട്നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. ഡി.വി. സനൽ കുമാറിനെ തിരെ നൽകിയ 18.03.2017 ലെ ഇയു1/ 421/ 2016- തസ്വഭവ നമ്പർ കുറ്റപത്രം.

3. കുറ്റപത്രത്തിന് ശ്രീ. നിസാറുദ്ദീൻ 9.06.2017 ൽ ഹാജരാക്കിയ പ്രതിവാദ പത്രിക

4. നഗരകാര്യ ഡയറക്ടറുടെ 17.04.2018 ലെ വി2/ 10276/ 17 നമ്പർ കത്ത്.

**ഉത്തരവ്**

കാഞ്ഞങ്ങാട്നഗരസഭയിൽ വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ,നഗരസഭയിലെ കെട്ടിട നിർമ്മാണ ഫയലുകൾ ശരിയായ രീതിയിൽ പരിപാലിക്കുന്നില്ലെന്നും, സമയബന്ധിതമായ നടപടി സ്വീകരിക്കാതെ സൂക്ഷിച്ചുവച്ചിട്ടുള്ളതായും സാമ്പത്തിക ആനുകൂല്യം നൽകുന്നതിനുള്ള മൂന്ന് ഫയലുകൾ ന്യായമായ കാരണങ്ങളൊന്നുമില്ലാതെ മുനിസിപ്പൽ എഞ്ചിനീയർ സൂക്ഷിച്ചിട്ടുള്ളതായും കൺട്രോളിംഗ് ഓഫീസർ എന്ന നിലയിൽ ജീവനക്കാരെ നിയന്ത്രിക്കുന്നതിൽ മുനിസിപ്പൽ സെക്രട്ടറി കാര്യക്ഷമമായ നടപടി സ്വീകരിച്ചില്ലെന്നും കണ്ടെത്തിയതിനെ തുടർന്ന് പരാമർശപ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. ആയത് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. ഡി.വി. സനൽകുമാറിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും പരാമർശം (2) പ്രകാരം കുറ്റപത്രം നൽകുകയും ചെയ്തിരുന്നു.

പരാമർശം 3 പ്രകാരം ശ്രീ. ഡി.വി. സനൽകുമാർ കുറ്റപത്രത്തിനുള്ള പ്രതിവാദ പത്രിക സമർപ്പിച്ചിരുന്നു. ശ്രീ. ഡി.വി. സനൽകുമാർ സമർപ്പിച്ച മറുപടിയിൽ, താൻ കാഞ്ഞങ്ങാട് നഗരസഭാ സെക്രട്ടറിയായിരുന്നത് 21/ 12/ 15 മുതൽ 18/ 11/ 16 വരെയാണെന്നും വിജിലൻസ് മിന്നൽ പരിശോധന നടക്കുമ്പോൾ ടി നഗരസഭയിൽ ജോലിയിൽ പ്രവേശിച്ച് 9 ദിവസം മാത്രമേ ആയിട്ടുണ്ടായിരുന്നുള്ളുവെന്നും പുതുതായി ഒരു നഗരസഭയിൽ ചുമതലയേറ്റ് അവിടുത്തെ ഓഫീസ് നടപടി ക്രമങ്ങളെല്ലാം പൂർത്തീകരിച്ചു കൊണ്ടിരിക്കുന്ന വേളയിലാണ് വിജിലൻസ് മിന്നൽ പരിശോധന നടന്നിട്ടുള്ളതെന്നും വിഷയങ്ങൾ മനസ്സിലാക്കുന്നതിന് ആവശ്യമായ സമയം ലഭിച്ചിരുന്നില്ലെന്നും ബോധിപ്പിച്ചിട്ടുണ്ട്. കൂടാതെ നഗരസഭയുടെ വിവിധ വകുപ്പുകൾ കാര്യക്ഷമമാക്കുന്നതിന് സെക്ഷൻ മേധാവികൾക്കും ജീവനക്കാർക്കും വിവിധ ഉത്തരവുകളിലായി നിർദ്ദേശം നൽകിയിട്ടുള്ളതായും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്. സെക്രട്ടറിയുടെ വാദഗതി നഗരകാര്യ ഡയറക്ടർ അംഗീകരിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാഞ്ഞങ്ങാട്, നഗരസഭാ സെക്രട്ടറി തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച് 9 ദിവസമേ ആയിട്ടുള്ളൂവെന്നതിനാൽ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് ഉത്തരവാദിയായി ശ്രീ. ഡി.വി. സനൽകുമാറിനെ പരിഗണിക്കാൻ കഴിയാത്ത സാഹചര്യത്തിൽ കാഞ്ഞങ്ങാട് നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. ഡി.വി. സനൽകുമാറിനെതിരെ ആരംഭിച്ച അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണറുടെ ഉത്തരവിൻ പ്രകാരം**
**എസ്.മോഹൻദാസ്**
**അഡീഷണൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, സ്റ്റേറ്റ്ആഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),
ശ്രീ. ഡി.വി. സനൽകുമാർ, മുൻസെക്രട്ടറി, കാഞ്ഞങ്ങാട്നഗരസഭ(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം (ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ

**ഉത്തരവിൻപ്രകാരം**

**സെക്ഷൻ ഓഫീസർ**